## വിജ്ഞാനം

# ഓപ്പൺ ആക്സസ് പ്രസിദ്ധീകരണങ്ങളും അക്കാദമിക സമൂഹവും




വിമൽ കുമാർ വി.

സ്വതന്ത്ര സോഫ്റ്റ്വെയർ പ്രസ്ഥാനം പോലെ അക്കാദമിക പ്രസിദ്ധീകരണ രംഗത്ത് പ്രചാരം നേടിക്കൊണ്ടിരിക്കുന്ന ആശയമാണ് ഓപ്പൺ ആക്സസ്. അക്കാദമിക പ്രസിദ്ധീകരണ രംഗത്തെ ഉയർന്ന വിലയും, പകർപ്പവകാശവും നമ്മുടെ സമൂഹത്തിൽ അധികം ചർച്ച ചെയ്യപ്പെടാത്ത വിഷയങ്ങളാണ്. വിദ്യാഭ്യാസ-ഗവേഷണങ്ങൾക്കായി ഗവൺമെന്റ് വളരെ ഉയർന്ന തുകയാണ് ചിലവഴിക്കുന്നത്. ഇതിൽ നല്ലൊരു ശതമാനം തുകയും പ്രസിദ്ധീകരണങ്ങൾ വാങ്ങാനാണ് വിദ്യാഭ്യാസ -ഗവേഷണ സ്ഥാപനങ്ങൾ വിനിയോഗിക്കുന്നത്. പ്രസിദ്ധീകരണങ്ങളുടെ ഉയർന്ന വിലയും, പകർപ്പവകാശ നിയന്ത്രണങ്ങളും അക്കാദമിക സമൂഹത്തെ ശ്വാസം മുട്ടിക്കുന്നുണ്ട്. ഗവേഷണഫലം നിയന്ത്രണങ്ങളില്ലാതെ അറിയാനുള്ള അവകാശം അക്കാദമിക സമൂഹത്തിനെന്നപോലെ നികുതിദായകരായ പൊതു സമൂഹത്തിനും ഉണ്ട്.

### അക്കാദമിക പ്രസിദ്ധീകരണ രംഗത്തെ പ്രശ്നങ്ങൾ

പുസ്തകങ്ങൾ, ജേർണലുകൾ, മാസികകൾ, റിപ്പോർട്ടുകൾ തുടങ്ങിയവയാണ് പ്രധാന അക്കാദമിക പ്രസിദ്ധീകരണങ്ങൾ. ഗവേഷകരും, അധ്യാപകരും, വിദ്യാർത്ഥികളും ആണ് പ്രസിദ്ധീകരണ രചനയിൽ പ്രധാനമായും പങ്കെടുക്കുന്നത്. അക്കാദമിക താൽപര്യം മാത്രം മുൻനിർത്തി ലാഭേച്ഛയില്ലാതെയാണ് അക്കാദമിക സമൂഹം രചനകൾ നടത്തുന്നത്. പക്ഷെ രചനകൾ പ്രസാധനം ചെയ്യുന്നത് വൻകിട പ്രസാധകർ വഴിയാണ്. ഉയർന്ന വില നൽകിയാണ് പ്രസിദ്ധീകരണങ്ങൾ വിദ്യാഭ്യാസ, ഗവേഷണ സ്ഥാപനങ്ങൾ വാങ്ങുന്നത്. ഇത്തരം സ്ഥാപനങ്ങളുടെ വാർഷിക ബജറ്റിന്റെ നല്ലൊരു പങ്കും അക്കാദമിക പ്രസിദ്ധീകണങ്ങൾ വാങ്ങുന്നതിനാണ് ഉപയോഗിക്കുന്നത്. വിദേശ കമ്പനികളാണ് അക്കാദമിക പ്രസാധക രംഗത്തെ പ്രമുഖർ. എൽസെവിയർ (Elsevier), സ്പ്രിങ്ങർ (Springer) വൈലി (Wiley Blackwell), ടൈലർ ആൻഡ് ഫ്രാൻസീസ് (Taylor & Francies), സേജ് (Sage) തുടങ്ങിയ ആഗോള പ്രസാധക കമ്പനികൾ ആദ്യ അഞ്ചു സ്ഥാനങ്ങൾ അലങ്കരിക്കുന്നു. വികസിത- വികസ്വര രാജ്യങ്ങളിലെ വിദ്യാഭ്യാസ-ഗവേഷണ സ്ഥാപനങ്ങൾക്കും ഒരേ വില ഈടാക്കിയാണ് പ്രസിദ്ധീകരണങ്ങൾ വിൽക്കുന്നത്. വികസിത രാജ്യങ്ങളിൽ പ്രസാധകരുടെ പകർപ്പവകാശ ചൂഷണത്തിനെതിരെ ജനകീയ രോഷം ഉണ്ടായിട്ടുണ്ട്. നികുതിദായകരുടെ പണം ഉപയോഗിച്ച് നടത്തിയ പഠന ഗവേഷ

ണ പ്രസിദ്ധീകരണങ്ങൾ സൗജന്യമായി ലഭ്യമാക്കണം എന്ന് ആവശ്യപ്പെട്ടു കൊണ്ട് ഒരു ഭീമഹർജി അമേരിക്കൻ ജനത 2012-ൽ പ്രസിഡന്റിനു നൽകി.

ഗവേഷണ ഫലം അംഗീകൃത ജേർണലുകളിൽ പ്രസിദ്ധീകരിക്കണം എന്ന കീഴ്വഴക്കം ആണ് പ്രസാധകർ ചൂഷണം ചെയ്യുന്നത്. രചനകൾ പ്രസിദ്ധീകരിക്കുന്നതോടുകൂടി അതിന്റെ പകർപ്പവകാശം പ്രസാധകനു ലഭിക്കുന്നു. രചയിതാവിന് തന്റെ ലേഖനത്തിന്റെ പകർപ്പുകൾ (Author copy) പരിമിത എണ്ണം ലഭിക്കുമെങ്കിലും, സ്വന്തം സ്ഥാപനത്തിലെ പഠന ഗവേഷണ ആവശ്യങ്ങൾക്ക് ഇതേ ലേഖനം ഉപയോഗിക്കണമെങ്കിൽ പകർപ്പവകാശം ബാധകമാണ്. അക്കാദമിക രചനയിൽ ഏർപ്പെടുന്നവർക്ക് യാതൊരു സാമ്പത്തിക ലാഭവും ഉണ്ടാകുന്നില്ല. ഒന്നുകിൽ ഉയർന്ന വില കൊടുത്ത് ജേർണലിന്റെ വരിക്കാരൻ ആകണം, അല്ലാത്ത പക്ഷം ലേഖനം വില കൊടുത്തു വാങ്ങിച്ചു വായിക്കണം. എൽസെവിയർ പ്രസിദ്ധീകരിക്കുന്ന യുറോപ്യൻ ജേർണൽ ഓഫ് ഓപ്പറേഷണൽ റിസർച്ച് (European Journal of Operational Research) എന്ന ജേർണലിലെ ഒരു ലേഖനം വാങ്ങണമെങ്കിൽ 35.95 ഡോളർ (2404.69 രൂപ) നൽകണം.

പൊതുജനങ്ങളുടെ പക്കൽ നിന്നും ലഭിക്കുന്ന നികുതിപ്പണമാണ് ലോകത്തെല്ലായിടത്തും വിദ്യാഭ്യാസ- ഗവേഷണ പ്രവർത്തനങ്ങൾക്കായി വിനിയോഗിക്കുന്നത്. അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കുന്നത് മുതൽ പഠന ഗവേഷണ പ്രവർത്തനങ്ങൾക്കുള്ള അനുബന്ധ ഉപകരണങ്ങൾ വാങ്ങുന്നത് വരെ നികുതിപ്പണം ഉപയോഗിച്ചാണ്. പൊതു ജനങ്ങളുടെ പണം വിനിയോഗിച്ചു നടത്തുന്ന പഠന-ഗവേഷണ പ്രവർത്തനങ്ങളുടെ ഫലം പ്രസിദ്ധീകരണ ശേഷം പ്രസാധകരുടെ സ്വകാര്യ സ്വത്തായി മാറുന്നു. സ്വകാര്യ പ്രസാധകന് ചുളുവിൽ ലഭിക്കുന്ന പകർപ്പവകാശത്തിനു മുൻപിൽ ഭരണകൂടവും പൊതുജനങ്ങളും അക്കാദമിക സമൂഹവും നിസ്സഹായരാകുന്നു.

**പൊതുജനങ്ങളുടെ പക്കൽ നിന്നും ലഭിക്കുന്ന നികുതിപ്പണമാണ് ലോകത്തെല്ലായിടത്തും വിദ്യാഭ്യാസ – ഗവേഷണ പ്രവർത്തനങ്ങൾക്കായി വിനിയോഗിക്കുന്നത്. അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കുന്നത് മുതൽ പഠന ഗവേഷണ പ്രവർത്തനങ്ങൾക്കുള്ള അനുബന്ധ ഉപകരണങ്ങൾ വാങ്ങുന്നത് വരെ നികുതിപ്പണം ഉപയോഗിച്ചാണ്. പൊതു ജനങ്ങളുടെ പണം വിനിയോഗിച്ചു നടത്തുന്ന പഠന – ഗവേഷണ പ്രവർത്തനങ്ങളുടെ ഫലം പ്രസിദ്ധീകരണ ശേഷം പ്രസാധകരുടെ സ്വകാര്യ സ്വത്തായി മാറുന്നു. സ്വകാര്യ പ്രസാധകന് ചുളുവിൽ ലഭിക്കുന്ന പകർപ്പവകാശത്തിനു മുൻപിൽ ഭരണകൂടവും പൊതുജനങ്ങളും അക്കാദമിക സമൂഹവും നിസ്സഹായരാകുന്നു.**

ഗവേഷണ പ്രസിദ്ധീകരണങ്ങൾ പഠനാവശ്യങ്ങൾക്കും, ഗവേഷണങ്ങൾക്കുമുള്ള ഇന്ധനമാണ്. "Standing on the Shoulders of giants" എന്ന ഐസക് ന്യൂട്ടന്റെ ആപ്തവാക്യം ഓർക്കുക.


ഓപ്പൺ ആക്സസ് പ്രസ്ഥാനം

പഠന-ഗവേഷണ ഫലങ്ങൾ സൗജന്യമായി, ഓൺലൈൻ പതിപ്പായി എത്രയും വേഗത്തിൽ പകർപ്പവകാശ നിബന്ധനകളില്ലാതെ ലഭിക്കുക എന്നതാണ് ഓപ്പൺ ആക്സസ് കൊണ്ട് ഉദ്ദേശിക്കുന്നത്. പരിശോധന നടത്തിയതും (Peer reviw) അല്ലാത്തതുമായ ലേഖനങ്ങൾ, കോൺഫറൻസ് പ്രബന്ധങ്ങൾ, പുസ്തക അദ്ധ്യായങ്ങൾ, ഗവേഷണ പ്രബന്ധങ്ങൾ മുതലായവ ഓപ്പൺ ആക്സസ് ആയി പ്രസിദ്ധീകരിക്കാവുന്നതാണ്.

ഗുജറാത്തി ഭാഷയിൽ ഗാന്ധിജി രചിച്ച 'ഹിന്ദ് സ്വരാജ്' എന്ന പുസ്തകം 1909-ൽ പ്രസിദ്ധീകരിച്ചു. ഇതിന്റെ ഇംഗ്ലീഷ് പരിഭാഷ പകർപ്പവകാശം ഇല്ലാതെയാണ് (Copyleft) പ്രസിദ്ധീകരിച്ചത്. ഇന്റർനെറ്റ് വരുന്നതിന് മുൻപേയുള്ള ഓപ്പൺ ആക്സസ് സംരംഭമായി ഇതിനെ കണക്കാക്കുന്നു. ഇന്റർനെറ്റിന്റെ കടന്നുവരവാണ് ഓപ്പൺ ആകസസ് പ്രസിദ്ധീകരണങ്ങളുടെ പ്രചാരണത്തിന് ആക്കം കൂട്ടിയത്. ഇന്റർനെറ്റിലൂടെ ചെലവ് കുറഞ്ഞ രീതിയിൽ ലഭ്യമാക്കാൻ സാധിക്കും എന്നതാണ് പ്രധാന കാരണം.

ഓപ്പൺ ആക്സസ് പ്രസിദ്ധീകരണങ്ങളുടെ വിതരണത്തിന് ഓപ്പൺ ലൈസൻസുകളാണ് ഉപയോഗിക്കുന്നത്. ക്രിയേറ്റീവ് കോമൺസ് (Creative Commons) എന്ന ലൈസൻസാണ് വ്യാപകമായി ഉപയോഗിക്കുന്നത്. രചയിതാവിന്റെ പകർപ്പവകാശം നിലനിർത്തിക്കൊണ്ട് ഉപയോക്താക്കൾക്ക് കൂടുതൽ സ്വാതന്ത്ര്യം നൽകുന്ന രീതിയിലാണ് ക്രിയേറ്റീവ് കോമൺസ് ലൈസൻസ് പ്രവർത്തിക്കുന്നത്. ഈ ലൈസൻസ് പ്രകാരം രചനകൾ സൗജന്യമായി ഡൗൺലോഡ് ചെയ്ത് വായിക്കാം, ഉള്ളടക്കത്തിൽ പരിഷ്കാരം നടത്തിയോ, നടത്താതെയോ വിതരണം (share) ചെയ്യാം. ജേർണലുകൾ വഴിയാണ് ഓപ്പൺ

ആക്സസ് പ്രസിദ്ധീകരണ പ്രവർത്തനങ്ങൾ പ്രധാനമായും നടക്കുന്നത്. സാധാരണ ജേർണലുകൾ പോലെ തന്നെ ലേഖനങ്ങൾ പരിശോധന (Peer review) നടത്തിയാണ് പ്രസിദ്ധീകരിക്കുന്നത്. ഓപ്പൺ ആക്സസ് ജേർണലുകൾ വായനക്കാരിൽ നിന്ന് വരിസംഖ്യ ഈടാക്കുന്നില്ല. ഗവൺമെന്റ് സാമ്പത്തിക സഹായത്തോടെ പ്രവർത്തിക്കുന്ന ഗവേഷണ സ്ഥാപനങ്ങൾ, സംഘടനകൾ, യുണിവേഴ്സിറ്റികൾ നടത്തുന്ന ഓപ്പൺ ആക്സസ് ജേർണലുകൾ സൗജന്യമായാണ് പ്രസിദ്ധീകരണ പ്രവർത്തനങ്ങൾ നടത്തുന്നത്. CSIR കീഴിൽ പ്രവർത്തിക്കുന്ന NISCAIR (National Institute of Science Communication and Information Resources) എന്ന സ്ഥാപനം വിവിധ വിഷയങ്ങളിൽ പതിനെട്ട് ഓപ്പൺ ആക്സസ് ജേർണലുകൾ നടത്തുന്നുണ്ട്. ചില ഓപ്പൺ ആക്സസ് ജേർണലുകൾ പ്രസിദ്ധീകരണ യോഗ്യമായ ലേഖനങ്ങൾ പ്രസിദ്ധീകരിക്കുന്നതിന് രചയിതാക്കളുടെ പക്കൽ നിന്നും ഫീസ് വാങ്ങാറുണ്ട്. ഇങ്ങനെ ജേർണൽ നടത്തിപ്പിനാവശ്യമായ ചെലവ് സമാഹരിക്കുന്നു. ഓപ്പൺ ആക്സസ് പ്രസിദ്ധീകരണ രംഗത്ത് ലാഭേച്ഛയില്ലാതെ പ്രവർത്തിക്കുന്ന പ്രസാധകരാണ് 'പബ്ലിക് ലൈബ്രറി ഓഫ് സയൻസ് (PIOS), പത്തോളം സയൻസ് ജേർണലുകൾ ഇവർ പ്രസിദ്ധീകരിക്കുന്നു. പ്രവർത്തന ചെലവ് കണ്ടെത്തുന്നത് രചയിതാക്കളിൽ നിന്നും ഈടാക്കുന്ന ഫീസിൽ നിന്നാണ്.




**സാധാരണ ജേർണലുകൾ പോലെ തന്നെ ലേഖനങ്ങൾ പരിശോധന നടത്തിയാണ് പ്രസിദ്ധീകരിക്കുന്നത്. ഓപ്പൺ ആക്സസ് ജേർണലുകൾ വായനക്കാരിൽ നിന്ന് വരിസംഖ്യ ഈടാക്കുന്നില്ല.**

## ഓപ്പൺ ആക്സസ് പ്രസ്ഥാനത്തെ എങ്ങനെ ശക്തിപ്പെടുത്താം?

രചയിതാക്കൾ, വായനക്കാർ, അധ്യാപകർ, വിദ്യാർത്ഥികൾ, ലൈബ്രറികൾ, യൂണിവേഴ്സിറ്റികൾ, പ്രസാധകർ, ഫണ്ടിംഗ് ഏജൻസികൾ, ഗവൺമെന്റ്, പൊതുജനം തുടങ്ങിയവരാണ് ഓപ്പൺ ആക്സസ് പ്രസിദ്ധീകരണങ്ങളുടെ പ്രധാന ഗുണഭോക്താക്കൾ. ഓപ്പൺ ആക്സസ് ജേർണലുകൾ പ്രസിദ്ധീകരണ ലേഖനങ്ങൾ സൗജന്യമായി ലഭിക്കുന്നു എന്നതുകൊണ്ട് കൂടുതൽ പേർ വായിക്കാൻ ഇടവരുന്നു. രചയിതാവ് അക്കാദമിക സമൂഹത്തിൽ കൂടുതൽ ശ്രദ്ധിക്കപ്പെടാൻ ഇടയാകുന്നു. പകർപ്പവകാശ പ്രശ്നങ്ങൾ ഇല്ലാത്തതിനാൽ പഠന ആവശ്യത്തിനു ഉപയോഗിക്കാം എന്നത് അധ്യാപകർക്കും വിദ്യാർത്ഥികൾക്കും ഒരുപോലെ സൗകര്യപ്രദമാണ്. യൂണിവേഴ്സിറ്റികൾക്ക് തങ്ങളുടെ ഗവേഷണ പ്രവർത്തനങ്ങൾ ലോകത്തിനു മുൻപിൽ പ്രദർശിപ്പിക്കാൻ നല്ലൊരു മാർഗമാണ്. നികുതിപ്പണം ഉപയോഗിച്ചു നടത്തുന്ന ഗവേഷണ പ്രവർത്തന ഫലം മെച്ചപ്പെട്ട രീതിയിൽ പൊതുജനങ്ങൾക്കും അക്കാദമിക സമൂഹത്തിനും ഉപയോഗിക്കാൻ ഓപ്പൺ ആക്സസ് പ്രസിദ്ധീകരണങ്ങൾ സഹായിക്കുന്നു.

ഓപ്പൺ ആക്സസ് പ്രസിദ്ധീകരണങ്ങളെ പ്രോത്സാഹിപ്പിക്കാൻ യൂണിവേഴ്സിറ്റി അധികാരികൾക്കും അധ്യാപകർക്കും ഗവേഷകർക്കും വിദ്യാർത്ഥികൾക്കും ഒരുപോലെ സാധിക്കും. യൂണിവേഴ്സിറ്റി അധികാരികൾക്കും ഗവേഷണ ഫണ്ടിംഗ് ഏജൻസികൾക്കും ഓപ്പൺ ആക്സസ് സംബന്ധിച്ച നയരൂപീകരണം നടത്താം. ഗവേഷണ പ്രവർത്തനങ്ങളുടെ ഫലം ഓപ്പൺ ആക്സസ് പ്രസിദ്ധീകരണങ്ങളിൽ ലഭ്യമാക്കാൻ നിഷ്കർഷിക്കാം. ഹാർവാർഡ്, എം.ഐ.ടി., സ്റ്റാൻഫൊർഡു യൂണിവേഴ്സിറ്റികൾ ആണ് ഓപ്പൺ ആക്സസ് നയരൂപീകരണം ആദ്യമായി നടത്തിയവരിൽ പ്രമുഖർ. അമേരിക്കയിലെ അൻപത്തിഎട്ടോളം ഉന്നത വിദ്യാഭ്യാസ സ്ഥാപനങ്ങൾ ഇത്തരത്തിൽ നയരൂപീകരണം നടത്തിയിട്ടുണ്ട്. ഇന്ത്യൻ കൗൺസിൽ ഓഫ് അഗ്രികൾച്ചറൽ റിസർച്ച് (ICAR), കേന്ദ്ര ബയോടെക്നോളജി വകുപ്പ് (DBT) ശാസ്ത്ര സങ്കേതിക വകുപ്പ് (DST) തുടങ്ങിയ സ്ഥാപനങ്ങൾ ഓപ്പൺ ആക്സസ് അനുകൂല നയം പ്രഖ്യാപിച്ചു കഴിഞ്ഞു. മഹാത്മാഗാന്ധി യൂണിവേഴ്സിറ്റി പി.എച്ച്ഡി തീസിസുകൾ ഓപ്പൺ ആക്സസ് ആയി ലഭ്യമാക്കിയിട്ടുണ്ട്. അക്കാദമിക സമൂഹത്തിന് സ്വന്തം നിലയിൽ തന്നെ തങ്ങളുടെ രചനകൾ ഓപ്പൺ ആക്സസ് ആയി പ്രസിദ്ധീകരിക്കാം. നേരത്തെ തന്നെ പ്രസിദ്ധീകരിച്ച രചനകൾ ഓപ്പൺ ആക്സസ് റിപ്പോസിറ്ററികളിൽ നിക്ഷേപിച്ച് എല്ലാവർക്കും ലഭ്യമാക്കാം.

# സംസ്കൃതി

സംസ്കാര പ്രസിദ്ധീകരണം

## ഉള്ളടക്കം


എഡിറ്റോറിയൽ 3

ബൗദ്ധിക വ്യാപാരത്തിലെ കോർപറേറ്റ് അജണ്ട 4
ഡോ. രാജൻ ഗുരുക്കൾ

ചരമഗിരി കടന്ന സൂര്യൻ 13
ജെ.ആർ കുറുപ്പ്

ദി റിപ്പബ്ലിക് 14
ഡോ. ഹരികുമാർ ചങ്ങമ്പുഴ

സാഹിത്യവിമർശനത്തിലെ സർഗാത്മകതയും സംവാദസാധ്യതയും 15
ഡോ. എം.ജി. ബാബുജി

നിത്യസുന്ദര നിർവൃതിയായ്... 17
മാത്യു ജെ. മുട്ടത്ത്

തട്ടുകട 22
കെ. അജിത്കുമാർ

ഒരു മിസോജിനിസ്റ്റിന്റെ ജനനം 25
വിജു വിജയകുമാർ

ദാലി ഹുസൈൻ അഥവാ സ്വപ്നത്തിന്റെ ഗന്ധം 26
കെ.എം. അജീർകുട്ടി

ശാസ്ത്രവിദ്യാഭ്യാസവും ഗവേഷണവും: ഒരു പുനർവിചിന്തനം 28
ഡോ. കെ. ജയചന്ദ്രൻ

Vaikom: Those Flashing Eyes and Floating Hairs 32
Krishnakumar R.

സോപാനസന്ധ്യാനടയിൽ 34
പി.സി. സുകുമാരൻ

The search begins and ends here 36
Raghunath Kuncheerath

ശ്രീനാരായണഗുരുവും ആത്മീയതയും 37
ശ്രീനി കെ.പി.

ഭ്രാന്തും ചികിത്സയും 40
കൃഷ്ണകുമാർ എം.

എന്റെ കടൽ/നിന്റെ കടൽ 43
എൻ. ബൈജു

മതങ്ങളും സ്ത്രീജീവിതവും 44
സുജ എ.എൻ.

Post Rape/Post Protests 53
Prathap Kamath

മധുരം കിനിയുന്ന കയ്പവല്ലരി 54
രാജ് സി.ആർ.

മൂന്ന് എമിലി ഡിക്കിൻസൺ കവിതകൾ 58
വി. ഗീത

ആരുമറിയാതെ 59
ഗോപി കല്ലറ

On Libraries and Supermarkets 61
Sreekumar B.

മാർജ്ജാരമാർഗ്ഗം 62
ജോണി ജോസഫ്

അനുഭവങ്ങൾ പെയ്തിറങ്ങുന്ന അനുഭൂതി 63
ജെ. ലേഖ

Move On 66
Aparna T.

ഘർ വാപസി 67
ജലജാമണി പി.കെ.

ദിവ്യം ദൈവികം ദൈവം 68
ഉണ്ണികൃഷ്ണൻ ജി.

Soul Unleashed 73
Uma Sreenivasan

സുവർണക്ഷേത്രത്തിൽ 74
അനിത ശ്രീധർ

The Fortune Seller 79
Annie George

Resonance 79
Devi Mohan

ഓപ്പൺ ആക്സസ് പ്രസിദ്ധീകരണങ്ങളും അക്കാദമിക സമൂഹവും 80
വിമൽകുമാർ വി.

സെൽഫിക്കുമപ്പുറം 83
ജസിനി കെ. ചെല്ലപ്പൻ

വിശുദ്ധ നാട്ടിലൂടെ 84
ധിബി കെ. ജോൺ

കേൾക്കാത്ത പാട്ടുകൾ 89
ലിജി മാത്യു

സ്നേഹതീരത്തെ റോസ് ഇതളുകൾ 90
അൻസാരി എ.ജെ.

ജൈവയന്ത്രം 91
അജിതാ ജോൺ

വീടോർമ്മകൾ 92
ഡോ. രതീഷ്

ഗണിതം 95
അമ്പിളി തോമസ്

The Song of Pain... 95
Sony Shams

കേരളം: പാരിസ്ഥിതിക പ്രശ്നങ്ങൾ 96
മുരളി മരങ്ങോലത്ത്

യാത്ര 97
അജി തമ്പാൻ

ധന്യമുഹൂർത്തങ്ങൾ 98


---


എഡിറ്റോറിയൽ സമിതി

പി.ആർ. ജയകുമാർ
*(ജനറൽ എഡിറ്റർ)*

പി.സി. സുകുമാരൻ
*(എഡിറ്റർ)*

ജലജാമണി പി.കെ.

അജികുമാർ ടി.എ.

രഘുവരൻ പി.സി.

സജിമോൻ എം.ടി.

ജെ.ആർ. കുറുപ്പ്

എൻ. ബൈജു

സരിത ആർ.

*മുഖചിത്രം*
പെൻസിൽ വര: സിബി മാത്യു

രചനകളിലെ ആശയങ്ങളും അഭിപ്രായങ്ങളും എഴുത്തുകാരുടേതാണ്, സംസ്കാരയുടേതാകണമെന്നില്ല.

സംസ്കാരയ്ക്കുവേണ്ടി സെക്രട്ടറി അച്ചടിച്ച് പ്രസിദ്ധീകരിക്കുന്നത്.

*സ്വകാര്യ വിതരണത്തിനു മാത്രം*

*അച്ചടി:*
പ്രിന്റ് സൊല്യൂഷൻസ്, കോട്ടയം